പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 597

03/03/2020 - ൽ മറുപടിക്ക്

# കെയർ ഹോം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ബഷീർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | കെയർ ഹോം പദ്ധതി പ്രകാരം വിവിധ സഹകരണ ബാങ്കുകൾ വഴി എത്ര വീട്ടുകളാണ് നിർമ്മിച്ചു കൊടുക്കാൻ പദ്ധതിയിട്ടിരുന്നതെന്നും ഇവയിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി-യെന്നും എത്രയെണ്ണം പൂർത്തിയാക്കാൻ അവശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | എ) | കെയർ ഹോം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2086 വീടുകളാണ് നിർമ്മിച്ചു നൽകുന്നത്. 2020 ഫെബ്രുവരി 26 വരെ 1960 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 126 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി തുടർന്നു വരുന്നു. |
| ബി) | ഓരോ സഹകരണ ബാങ്കും പ്രസ്തുത പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിന് എത്ര രൂപ-യാണ് നാളിതുവരെ ചെലവാ-ക്കിയിട്ടുള്ളതെന്ന് വിശദാംശം വെളിപ്പെടുത്തുമോ; | ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക (ഉയർന്ന പ്രദേശങ്ങളിൽ 1,01,900/- രൂപയും, നിരപ്പായ പ്രദേശങ്ങളിൽ 95,100/- രൂപയും) ഉൾപ്പെടെ 5 ലക്ഷം രൂപയാണ് കെയർ ഹോം പദ്ധതി പ്രകാരം വീടൊന്നിന് നിർമ്മാണത്തിനായി അനുവദിക്കുന്നത്.<br>സംഭാവനയായി നൽകാൻ കഴിവുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലൂടെ ലഭിച്ച 52,68,69,506/- രൂപയും സഹകരണ വകുപ്പിന്റെ കൈവശമുള്ള മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും അനുവദിച്ച 35 കോടി രൂപയും ചേർത്ത് ആകെ 87,68,69,506/- രൂപയിൽ നിന്നാണ് കെയർ ഹോം പദ്ധതിയുടെ ആദ്യ ഘട്ടനിർമ്മാണ പ്രവർത്തനങ്ങൾക്ക് സഹകരണ വകുപ്പ് തുക വിനിയോഗിക്കുന്നത്. പ്രസ്തുത തുകയിൽ നിന്ന് 2020 ഫെബ്രുവരി 25 വരെ 85,80,94,372/-രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഏറനാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം സഹകരണ ബാങ്കുകളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; പ്രസ്തുത ബാങ്കുകൾ എത്ര വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ? | സി) | ഏറനാട് നിയോജക മണ്ഡലത്തിലെ ആറ് സഹകരണ സ്ഥാപനങ്ങൾ കെയർ ഹോം പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ നിർമ്മാണ മേൽനോട്ടം വഹിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളുടെ പേരും നിർമ്മിച്ച് നൽകിയ വീടുകളുടെ എണ്ണവും ചുവടെ ചേർക്കുന്നു. |

| ബാങ്കിന്റെ പേര് | നിർമ്മാണം ഏറ്റെടുത്ത വീടുകൾ | നിർമ്മാണം പൂർത്തിയായ വീടുകൾ |
|---|---|---|
| അരീക്കോട് സർവ്വീസ് സഹകരണ ബാങ്ക്- ക്ലിപ്തം എഫ്-1571 | 1 | 1 |
| കാവനൂർ സർവ്വീസ് സഹകരണ ബാങ്ക്ക്ലിപ്തം- 10252 | 1 | 1 |
| ഊർങ്ങാട്ടിരി സർവ്വീസ് സഹകരണ ബാങ്ക്-ക്ലിപ്തം-8895 | 2 | 2 |
| ചാലിയാർ സർവ്വീസ് സഹകരണ ബാങ്ക് | 1 | 1 |
| ചാലിയാർ പഞ്ചായത്ത് വനിതാ സഹകരണ സംഘം | 1 | 1 |
| ചാലിയാർ റൂറൽ സഹകരണ സംഘം | 1 | 1 |

സെക്ഷൻ ഓഫീസർ